# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അന്തിക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം കെ.എസ്.എ.ടി.എസ്.ആർ(പി.2)1003/2022..

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.2)1003/2022.. നം തീയ്യതി: 02/07/2022

## തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ | 17-05-2022 | 26-05-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-05-2022 | 26-05-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിത.ടി.എസ് , ഓഡിറ്റ് ഓഫീസർ
സീനത്ത്.പി.എ, ഓഡിറ്റ് ഓഫീസർ
സലീഷ് എം.ജി,അസി.ഓഡിറ്റ് ഓഫീസർ
സുനിത ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു.കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ.വി.ശ്രീവത്സൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പി.ജി.വസന്തകുമാർ | സെക്രട്ടറി | 01-04-2019 | 16-10-2019 |
| ഒ.എം ഫ്രാൻസിസ് | സെക്രട്ടറി | 17-10-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കിൻസ് ബോയ് ടി. | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| മിനി.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശരണ്യ.വി.പി | അസി.എൻജിനീയർ | 01-04-2019 | 17-05-2019 |
| ദിവ്യ മോഹൻ | അസി.എൻജിനീയർ | 18-05-2019 | 20-09-2019 |
| അമ്പിളി എൽ.ബി | അസി.എൻജിനീയർ | 21-09-2019 | 17-10-2019 |
| വാണി.എൻ.വി | അസി.എൻജിനീയർ | 18-10-2019 | 31-03-2020 |
| ഡോ.ഷിജിന വി.വി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി] | 01-04-2019 | 31-03-2020 |
| ഡോ.ഗീത.പി.കെ | മെഡിക്കൽ ഓഫീസർ, [ആയുർവ്വേദം] | 01-04-2019 | 01-08-2019 |
| ഡോ. ബീന കെ.എസ് | മെഡിക്കൽ ഓഫീസർ, [ആയുർവ്വേദം] | 02-08-2019 | 09-09-2019 |
| ഡോ.ഗീത.പി.കെ | മെഡിക്കൽ ഓഫീസർ, [ആയുർവ്വേദം] | 10-09-2019 | 31-03-2020 |
| ഡോ.പ്രവീൺ.ബി.വിശ്വം | മെഡിക്കൽ ഓഫീസർ[ഹോമിയോ] | 01-04-2019 | 31-03-2020 |
| ഡോ.രേഖ.പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ബീന.ടി.സി | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്., പുത്തൻപീടിക. | 01-04-2019 | 31-03-2020 |
| അൻസു അലക്സ് | വി.ഇ.ഒ., അന്തിക്കാട് സർക്കിൾ | 01-04-2019 | 20-01-2020 |
| രജിത എൻ.ആർ | വി.ഇ.ഒ., അന്തിക്കാട് സർക്കിൾ | 21-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| റെനീഷ് എ എച്ച് | വി.ഇ.ഒ., പടിയം സർക്കിൾ | 01-04-2019 | 31-03-2020 |
| സൂര്യമോൾ.ടി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സ്മൃതി വാസുദേവൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല | 1-10-1 |
| 11 | വസ്തു നികുതി വാർഷിക കണക്കുകളും ഡി.സി.ബി.പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല. | 1-10-3 |
| 13 | വസ്തുനികുതി-അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന മുൻകൂർ-വാർഷിക കണക്കും ഡി.സി.ബി. പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 14 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-10-5 |
| 15 | Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല | 1-10-6 |
| 16 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-7 |
| 17 | രജിസ്റ്ററുകളുടെ പരിപാലനം | 1-10-8 |
| 18 | ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല | 1-10-9 |
| 19 | വാർഷിക കണക്കിലെ അപാകതകൾ | 1-10 |
| 20 | ഡിപ്രിയിസേഷൻ -വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-10 |
| 21 | ഇൻവെസ്റ്റ്മെന്ററജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 1-10-11 |
| 22 | Capital Work In Progress -വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-12 |
| 23 | ACR വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-13 |
| 24 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-14 |
| 25 | വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-11 |
| 26 | തറവിസ്തീർണ്ണം-കംപ്ലീഷൻ പ്ലാനിലും സഞ്ചയ സോഫ്റ്റ്‌വെയറിലും വ്യത്യാസം-വസ്തുനികുതി പുനർ നിർണയിക്കേണ്ടതാണ്. | 1-12 |
| 27 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര-പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-13 |

| | | |
|---|---|---|
| 28 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങിയത് സംബന്ധിച്ച് | 1-14 |
| 29 | ആശ്രയ ഭവനപദ്ധതി- വകമാറ്റി ചെലവഴിച്ച തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ് | 1-15 |
| 30 | സാന്ത്വന പരിചരണ പരിപാടി-മരുന്ന് ലഭ്യമായിട്ടില്ല. | 1-16 |
| 31 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല | 1-17 |
| 32 | അന്തിക്കാട് വടക്ക് ഇറിഗേഷൻ കനാൽ ബണ്ട് റോഡ് ഫില്ലിങ്ങ് - പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 33 | മരാമത്ത് പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 23.02.2019,1(1) | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 101908135 | 94491000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 4.03.20,6[1] | |
| പ്രതീക്ഷിത വരവ്.ചെലവ് എന്നിവ | വരവ് | ചെലവ് |
| | 138631710 | 94491000 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 03-06-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 9666142.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 54068513.00 |
| ആകെ | 63734655.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 48816243.00 |
| നീക്കിയിരിപ്പ് | 14918412.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12589629 | 12589629 | 8861352 | 3728277 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7163176 | 7163176 | 5377333 | 1785843 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6485000 | 6485000 | 2400928 | 4084072 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3251000 | 3251000 | 2371469 | 879531 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7650886 | 7650886 | 1935397 | 5715489 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 143 | 117993340 | 81 | 33074661 | 13 | 49 | 28.03 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 41640 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 2028600 | 334 |
| വിധവാ പെൻഷൻ | 5838000 | 1004 |
| വാർദ്ധക്യകാല പെൻഷൻ | 11165400 | 1891 |
| വികലാംഗ പെൻഷൻ | 1209400 | 211 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 523200 | 91 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1570887 | 1570887 | 1551511 | 19376 |
| തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ കോസ്റ്റ് (നേരിട്ട് ബാങ്ക് ട്രാൻസ്ഫർ മുഖേന) | 0 | 18912641 | 18912641 | 18912641 | 0 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.05.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4705/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരുമാന വർദ്ധനവ് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നില്ല. പഞ്ചായത്തിന്റെ റവന്യു വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. സോഫ്റ്റ്‌വെയറിൽ നേരിടുന്ന പ്രശ്നങ്ങൾ മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധ രജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളെല്ലാം ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും, സാംഖ്യയുമായി ലിങ്ക് ചെയ്യേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അറ്റകുറ്റപ്പണികൾ നടത്തിയതിന്റേയോ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റേയോ, കുറവു

വരുത്തിയതിന്റേയോ, തേയ്മാനം സംഭവിച്ചതിന്റേയോ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

## 1-10-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-10-2 വസ്തു നികുതി വാർഷിക കണക്കുകളും ഡി.സി.ബി.പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1തൻവർഷം**

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2172346 | 2050656 | 54663 | 76399 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2172346 | 2039998 | 54663 | *76554 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യുൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യുൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 80382/105X100)=(ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 962858 | 824672 | 19631 | 119180 |
| വാർഷികകണക്കിലെ | 962858 | 823557 | 19631 | *119210 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(125171 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.2കുടിശ്ശിക**

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 41936 | 36283 | 5728 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *37023 | 36283 | **5733 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (25048. +13827=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6020/105X100)=......., |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 438718 | 59778 | 378957 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 420647 | 59778 | 379037 |
| | (2018-19 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) *(108165+333514.=......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(397989/ 105X100)= ..........,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 111115 | 2256 | 113371 | 104295 | 1855 | 106150 | 3058 | - | 3983 | 292 | |
| | നോൺ-റെസി ഡൻഷ്യൽ | 48663 | 22063 | 70726 | 41645 | 3003 | 44648 | 1025 | | 19032 | 5991 | 25041 |
| | ആകെ | | | | | | | | | | | |
| വാർഷിക കണ ക്കിലെ | | 172178 | | | 150653 | | | 42692 | - | 29511 | | |
| | | 22883+149295 = (2018-19ലെ | | | (റസീറ്റ് & പേയ്മെന്റ് | | | | (431910101 -State Govt . Cess/ | (ബാലൻ സ്ഷീറ്റ് | | |

| | | | | | |
|---|---|---|---|---|---|
| വിവിധ പത്രിക കൾ പ്രകാരം | ബാലൻ സ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 – State Govt . Cess/Levies. ലെഡ്ജർ 2019-20) | പത്രിക , ഷെഡ്യൂൾ ആർ.പി-36(വരവ്)) | | Levies...... ലെഡ്ജർ 2019-20) | ഷെഡ്യൂൾ ബി-15) |

2.4 വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (തൻവർഷം)

**എ)റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 159436 | 145769 | 4296 | 9731 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 159436<br>(ഇൻകം & എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | 145591 4296 | | 9731<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.5വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (കുടിശ്ശിക)**

**റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24112 | 4858 | - | 19320 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22892<br>(2018-20- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | 4858 | | 19320<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-10-3 വസ്തു നികുതി-കൃത്യമായ ഡിമാന്റ് എൻട്രി ഇല്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2019-20 വർഷത്തിൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 187 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2018-19 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം

രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 വസ്തുനികുതി-അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന മുൻകൂർ-വാർഷിക കണക്കും ഡി.സി.ബി. പത്രികയും പൊരുത്തപ്പെടുന്നില്ല

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല..

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance Collection Of Revenues - Property Tax On Residential Building | 211785 | 9043 |
| 2 | 350410101- Advance Collection Of Revenues - Property Tax On Non-Residential Building | 33855 | 693 |

## 1-10-5 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6 ലൈബ്രറി രജിസ്റ്റർ

7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-6 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ)-18) പ്രകാരം “280000000-Prior Period Item” എന്ന

ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/20ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 189519/- |
| 280100104-Prior Period Income-Property Tax On Non Residential Buildings | 16580/- |
| 280100105-Prior Period Income-Service Cess On Residential Building | (111) |
| 280100106-Prior Period Income-Service Cess On Non Residential Building | (1055) |
| 280200401-Prior Period Income-Other Income | (1024/-) |
| 280200201-Prior Period Income-License Fees | (200) |
| 280800201-Prior Period- Administrative Expenses | (300) |

## 1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5252270/- രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1508374/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-8 രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-9 ജേണൽ വൌച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10-10 ഡിപ്രിയിസേഷൻ -വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditureപത്രിക പ്രകാരം 4774651/- രൂപ ഡിപ്രിയിസേഷൻ

കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-11 ഇൻവെസ്റ്റ്മെന്ററജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000/-രൂപയുടെ നിക്ഷേപം കാണുന്നു.എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-10-12 Capital Work In Progress -വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

31.03.2020 ലെ ബാലൻസ്ഷീറ്റ് പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 312363/- രൂപയാണ്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-13 ACR വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് RP 7 ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് എസ്.സി.പി (160100102) ഹെഡിൽ വരവ് 5427333/- രൂപയും എന്നാൽ ACR പ്രകാരമുള്ള വരവ് 5377333/-രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-10-14 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11 വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 78 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം. 14/26.5.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-12 തറവിസ്തീർണ്ണം-കംപ്ലീഷൻ പ്ലാനിലും സഞ്ചയ സോഫ്റ്റ്വെയറിലും വ്യത്യാസം-വസ്തുനികുതി പുനർ നിർണയിക്കേണ്ടതാണ്.

ഫയൽ നമ്പർ. B3/5692/2019

കിഷോർ, കല്ലാറ്റ് വീട് എന്നണ് വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള 17.97 ച.മീ. വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിന് (കെട്ടിടനം. 10/324 A) 2019-20 II -ാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള വാസഗൃഹത്തിന് (കെട്ടിടനം. 10/394) 89.44 ച.മീ. തറവിസ്തീർണമുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വാസഗൃഹത്തിന് 68.82 ച.മീ. തറവിസ്തീർണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കെട്ടിടത്തിന് ഒക്യുപൻസി നൽകുമ്പോൾ പ്ലോട്ടിൽ നിലവിലുള്ള മറ്റ് കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിന്റെയും അസസ്മെന്റ് വിവരങ്ങളും ഫയലിൽ ലഭ്യമല്ല. പ്രസ്തുത സൈറ്റുകൾ പരിശോധിച്ച് കെട്ടിടങ്ങളുടെ വിനിയോഗത്തിന്റെയും തറവിസ്തീർണത്തിന്റെയും കൃത്യത ഉറപ്പുവരുത്തി ചട്ടപ്രകാരമുള്ള വസ്തുനികുതി പുനർ നിർണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
വസ്തുനികുതി പുനർ നിർണയിച്ച് അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.( നം.15/26.5.22)

## 1-13 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര-പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശ കസേര എന്ന പദ്ധതികളുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | പ്രോജക്ട് | വൗച്ചർ നം/ ബിൽ നം/ തിയതി | ഇൻവോയ്സ് നം/തിയതി | തുക /തുക കൈമാറിയത്. | വിതരണം വിവരം |
|---|---|---|---|---|---|
| 1 | 42/2019-20 | 21900896 25.11.19 21901061 28.11.20 | 160/15.11.19 430/12.2.20 | 2,98,072 50,000 ആർട്കോ | 70കുട്ടികൾക്ക് |
| 2 | 103/2019-20 | 2/19-20 | 56/10.1.19 714/28.2.19 | 2,45,000 ആർട്കോ | 50 കുട്ടികൾക്ക് |
| | | ആകെ | | 5,93,072 | |

മേൽ പ്രൊജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ആർട്കോയിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 5,93,072 രൂപ ചെലവഴിച്ചിട്ടിട്ടുണ്ട്. ജി.ഒ. (എം.എസ്.) 22/2018/ ത.സ്വ.ഭ.വ./തീ. 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണിച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ആയത് സംബന്ധിച്ച സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.
പ്രധാന അധ്യാപകന്റെ സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിക്കുന്നത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്(നം .7/25.5.2022)

ഫർണിച്ചർ കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു

## 1-14 ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങിയത് സംബന്ധിച്ച്.

2019-20 വർഷത്തിൽ 26/20,99/20 നമ്പർ പദ്ധതികളിൽ ഔഷധിയിൽ നിന്നും ആയുർവ്വേദമരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ താഴെപ്പറയുന്ന മരുന്നുകളുടെ നിർമ്മാണത്തിയതി ഇൻവോയ്സ് തിയതിയ്ക്കുശേഷമാണ് വരുന്നത്.

99/20-ബിൽ നമ്പർ-2/19-20,08.07.2019,125000,MG(NR)

26/20-ബിൽ നമ്പർ-12/19-20,04.03.2020,200000,MG(NR)

26/20,ചെക്ക് നമ്പർ863522,21.10.2019-500000,(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

26/20-ബിൽ നമ്പർ-03/19-20,18.09.2019-S500000,MG(NR)

| ക്രമ | ഇൻവോയ്സ് നം.തിയതി,തുക | ഇൻവോയ്സ് തിയതിക്കുശേഷം |
|---|---|---|

| | | |
|---|---|---|
| നമ്പർ | | നിർമ്മാണതിയതി വരുന്ന മരുന്നിന്റെ പേരും നിർമ്മാണ തിയതിയും |
| 1 | 90174039/31.07.2020, 30704 | Indukantham KC-500g-08/2020 |
| 2 | 90167442/20.06.2020, 966 | Krimighnavti Gulika 100 No.S-01/2021 |
| 3 | 90149715/30.01.2020, 44961 | Kaisora Gulgulu Gulika100no.S-02/2020 |
| 4 | 90149869/30.01.2020, 108145 | Aswagandha Choornam-02/2020 |
| 5 | 90153789/27.02.2020, 27909 | Vaiswavara Choornam-03/2020 |
| 6 | 90163684/31.05.2020, 143675 | Karpasasthy Adi Kuzhambu-06/2020 |

മരുന്നുകൾ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കുന്ന ഇൻവോയ്സിൽ , ഇൻവോയ്സ് തിയതിയ്ക്കുശേഷമുള്ള തിയതി മരുന്നുകളുടെ നിർമ്മാണത്തിയതിയായി വരുന്നത് തെറ്റാണ്.ഇക്കാര്യത്തിൽ ഔഷധിയുമായി ബന്ധപ്പെട്ട് ഇൻവോയ്സുകളിൽ ശരിയായ നിർമ്മാണത്തിയതി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണെന്ന് 01/24.03.2022 ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-15 ആശ്രയ ഭവനപദ്ധതി- വകമാറ്റി ചെലവഴിച്ച തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആശ്രയ ഭവനപദ്ധതിയിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത് സിഡിഎസിന് താഴെപറയും വിധം തുക കൈമാറിയിട്ടുണ്ട് .

പദ്ധതി-35/20

ബിൽ നമ്പർ :07/12.11.2019

തുക :200000(വികസനപണ്ട് പൊതുവിഭാഗം)

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 02/24.05.2022 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഈ തുക ചെലവഴിയ്ക്കാൻ കഴിയാത്തതിനാൽ തിരിച്ചടയ്ക്കുന്നതാണെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.എന്നാൽ ആശ്രയയുടെ അന്തിക്കാട് CSBയിലെ A/C 0194-03917339-195004 നമ്പർ അക്കൗണ്ടിന്റെ പാസ്ബുക്കിൽ 31.12.2021 ന് 43090.75 രൂപ മാത്രമാണ് അവശേഷിയ്ക്കുന്നത്. ഭവനനിർമ്മാണത്തിനായി 13.12.2019 ന് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ഭക്ഷ്യകിറ്റ് വിതരണത്തിനായി വകമാറ്റി ചെലവഴിച്ച തുക ആശ്രയ തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുന്നതാണെന്ന് കുടുംബശ്രീ മെമ്പർ സെക്രട്ടറി കൂടിയായ അന്തിക്കാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി 26.05.2022 ന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ 200000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 സാന്ത്വന പരിചരണ പരിപാടി-മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ സി.എച്ച്.സി.അന്തിക്കാട് നിർവ്വഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതികളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചിട്ടില്ല.

| ക്രമനമ്പർ | പദ്ധതി | ബിൽനമ്പർ,തിയതി | കേരള |
|---|---|---|---|

| | | | |
|---|---|---|---|
| | | | മെഡിക്കൽ സർവ്വീസസ് കോർപറേഷന് നൽകിയ തുക |
| 1 | 111/20, സാന്ത്വന പരിചരണ പരിപാടി | 8/26.09/2019 (60578) | 13100 |
| 2 | 111/20, സാന്ത്വന പരിചരണ പരിപാടി | 12/12.11.2019 | 40000 |
| 3 | 31/20, സാന്ത്വന പരിചരണ പരിപാടി | 21900988/06.03.2020 | 100000 |
| 4 | 31/20, സാന്ത്വന പരിചരണ പരിപാടി(new) | 21900989/06.03.2020 | 68000 |
| | | ആകെ | 221100 |

കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് മുൻകൂറായി 221100 രൂപ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളൊന്നും തന്നെ ലഭ്യമായിട്ടില്ല.പ്രഫോർമ്മ ഇൻവോയ്സുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്. ടാക്സ് ഇൻവോയ്സ്,സ്റ്റോക്ക് എൻട്രി എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2മേൽപ്രകാരം ക്രമനമ്പർ 1 ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷന് 13100 രൂപയാണ് നൽകിയതെങ്കിലും 363100 രൂപയുടെ പ്രഫോർമ്മ ഇൻവോയ്സ് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 363100 രൂപയുടെ മരുന്ന് വാങ്ങിയതിന് മറ്റ് ബില്ലുകളിൽ തുക അനുവദിച്ചതിന്റെ വിശദാംശങ്ങളും,ടാക്സ് ഇൻവോയ്സ്,സ്റ്റോക്ക് എൻട്രി എന്നിവയും ലഭ്യമാക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല

ജി.ഒ (ആർ.ടി) 01/11ഐ) & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 2019-20വർഷത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ബിൽതുക | പത്രങ്ങൾക്ക് അനുവദിച്ച തുക |
|---|---|---|---|
| 1 | 21900576/26.09.2019 | 206286 | ദേശാഭിമാനി-15456 |
| 2 | 21900868/30.12.2019 | 30198 | ദേശാഭിമാനി-27048<br>ജനയുഗം-3150 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനോ, ഭാവിയിൽ ഈ

സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി:19/26.05.2022)

## 1-18 അന്തിക്കാട് വടക്ക് ഇറിഗേഷൻ കനാൽ ബണ്ട് റോഡ് ഫില്ലിങ്ങ് - പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

കരാറുകാരൻ -വി.ഉണ്ണികൃഷ്ണൻ.

വകയിരുത്തിയ തുക – 200000/-

എഗ്രിമെന്റ് -16/17-18/AE-LSGD/AKD/Dt. 08.11.18,എസ്റ്റിമേറ്റ് റേറ്റ്

കരാർ കാലാവധി -6 മാസം (As Per Notice)-

മേൽ പ്രവൃത്തിയുടെ ടെന്റർ 11.10.18 ലെ 1(2)തീരുമാന പ്രകാരം വി.ഉണ്ണികൃഷ്ണന്റെ ടെന്റർ അംഗീകരിക്കകയുണ്ടായി.മേൽ പ്രവൃത്തി ചെയ്യുന്നതിന് ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതി നൽകിയിരുന്നെങ്കിലും (ഡി 4-219/NOC/Cherpu /14 Dt.07.01.19) മേൽ കത്തിൽ പരാമർശിച്ച പ്രകാരം 200/രൂപയുടെ മുദ്രകടലാസിൽ ഉടമ്പടി വെക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലുംഅപ്രകാരം എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. പ്രവൃത്തിയുടെ ഫസ്റ്റ് &പാർട്ട് ബിൽ മാത്രമാണ് നൽകിയിട്ടുള്ളത്.ഫസ്റ്റ് &പാർട്ട് ബിൽ പ്രകാരം 105939/- രൂപ കണക്കാക്കി കരാറുകാരന് 18-19 വർഷം നൽകിയിട്ടുണ്ട്.എന്നാൽ തൻ വർഷം 134/20 നമ്പർ പ്രോജക്റ്റായി ഉൾപ്പെടുത്തുകയും,ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 94061/- രൂപ വകയിരുത്തുകയും ചെയ്തിരുന്നുവെങ്കിലും പിന്നീട് ഒരു പ്രവൃർത്തിയും നാളിതു വരെ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(10/25.05.22) മറുപടിയായി 260 മീറ്റർ നീളത്തിൽ ക്വാറി വേസ്റ്റിട്ട് ഉയർത്തിയിട്ടുണ്ടെന്നും,ഇതിന് ശേഷം വരുന്ന ഭാഗത്ത് തർക്കം നില നിൽക്കുന്നതിനാൽ ആയത് പരിഹരിക്കാനായില്ലെന്നും,07.08.21 ലെ 1/12 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ടി പ്രവൃത്തി ഒഴിവാക്കി എന്നുംഅറിയിച്ചിട്ടുണ്ട്. തടസ്സങ്ങൾ ഇല്ല എന്നുറപ്പാക്കി മാത്രം പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

എഗ്രിമെന്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആദ്യത്തെ 3 മാസം 1% വരെ അതിൽ കൂടുതൽ വരുന്ന ഓരോ 3മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്. സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും ആയതിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

1)പുത്തൻപിള്ളിക്കാവ് റോഡ് അറ്റകുറ്റപണി -

പ്രോജക്റ്റ് നം. 130/20

ബിൽ നം. തി തുക

25/-83899/-

23/-352282/-

24/-24450/-

എഗ്രിമെന്റ് തിയ്യതി-10.12.18

കരാർ കാലാവധി -5 മാസം(As Per TS)

പൂർത്തീരിച്ച തിയ്യതി-22.01.20(പേജ് 24 ,M.B.-382/18-19)

പൂർത്തീകരിക്കേണ്ട തിയ്യതി-09.02.19

കരാറുകാരൻ -ഉണ്ണികൃഷ്ണൻ.വി

കരാർ തുക -459965/-

എഗ്രിമെന്റ് തുക -460741/-

ആകെ പ്രവൃത്തി മൂല്യം -460631/-

കരാർ വെക്കുന്നതിന് നോട്ടീസ് അയച്ച തിയ്യതി- 30.11.18

എഗ്രിമെന്റ് -20/18-19/AE-LSGD/AKD/Dt. 10.12.18

കരാർ കാലാവധി -5 മാസം

പൂർത്തീകരിക്കേണ്ട തിയ്യതി -09.05.19

ഈടാക്കേണ്ട പിഴ -459965x3%=13799

സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 13799/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണ്.മേൽ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(12/25.05.22) മറുപടിയായി പ്രവൃത്തി കരാറെടുത്ത സമയത്ത് KLDC ഫണ്ട് ഉപയോഗിച്ച് കൊണ്ട് കുളത്തിന്റെ കരിങ്കൽ പ്രവൃത്തി നടക്കുന്നതിനാൽ കുളത്തിന്റെ സൈഡ് സംരക്ഷണപ്രവൃത്തി കഴിയാതെ മേൽ രണ്ട് റോഡുകളുടേയും പ്രവൃത്തി ചെയ്യാൻ കഴിയാത്ത അവസ്ഥ സംജാതമായതെന്ന് മറുപടി നൽകിയിട്ടുണ്ട്.

2.വടക്കേക്കര റോഡ് മെയിന്റനൻസ് -

പ്രോജക്റ്റ് നം. 70/19

CI-37.25%

കരാർ തുക -398973/-

എഗ്രിമെന്റ് തിയ്യതി-08.08.18

കരാർ കാലാവധി -6 മാസം

പൂർത്തീരിച്ച തിയ്യതി-21.01.20(പേജ് 23 ,M.B.-381/18-19)

പൂർത്തീകരിക്കേണ്ട തിയ്യതി-07.02.19

കരാറുകാരൻ -ഉണ്ണികൃഷ്ണൻ.വി.

പ്രവൃത്തി മൂല്യം -398967/-

കരാർ വെക്കുന്നതിന് നോട്ടീസ് അയച്ച തിയ്യതി- 08.08.18

എഗ്രിമെന്റ് -5/18-19/AE-LSGD/AKD/Dt. 08.8.18

പൂർത്തീരിച്ച തിയ്യതി-21.01.20

ഈടാക്കേണ്ട പിഴ-398973x3/100=11969/-

സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 11969/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതാണ്.

മേൽപ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കമേൽ പ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(12/25.05.22) മറുപടിയായി പ്രവൃത്തി കരാറെടുത്ത സമയത്ത് KLDC ഫണ്ട് ഉപയോഗിച്ച് കൊണ്ട് കുളത്തിന്റെ കരിങ്കൽ പ്രവൃത്തി നടക്കുന്നതിനാൽ കുളത്തിന്റെ സൈഡ് സംരക്ഷണപ്രവൃത്തി കഴിയാതെ മേൽ രണ്ട് റോഡുകളുടേയും പ്രവൃത്തി ചെയ്യാൻ കഴിയാത്ത അവസ്ഥ സംജാതമായതെന്ന് മറുപടി നൽകിയിട്ടുണ്ട്.

.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000/- | നെൽകൃഷിക്ക് അത്യുത്പാദന ശേഷിയുള്ള നെൽവിത്ത് | 490000 | |
| | | 100000 | സാന്ത്വന പരിചരണ പരിപാടി | 100000 | ० |
| | | 500000 | ആയുർവ്വേദാശുപത്രിക്ക് മരുന്ന് | 500000 | ० |
| | | 400000 | പി.എം.എ.വൈ.-ലൈഫ് ഭവന പദ്ധതി (എസ്.സി) | 400000 | ० |
| | | 19885 | പി.എം.എ.വൈ.-ലൈഫ് ഭവന പദ്ധതി എസ്.സി .സ്പിൽ ഓവർ | 0 | 19885 |
| | | 2400000 | വയോജനങ്ങൾക്ക് കട്ടിൽ | 0 | 2400000 |
| | | 150000 | ലൈഫ് – എസ്.സി, ഭവനം-ജനറൽ | 0 | 150000 |
| | | 925440 | ലൈഫ് – എസ്.സി, ഭവനം-ജനറൽ-സ്പിൽ ഓവർ | 0 | 925440 |
| | | 649777 | കല്ലിടവഴി റോഡ് കാനനിർമ്മാണം. | 0 | 649777 |
| | | 873000 | പഞ്ചായത്ത് ഓഫീസ് പുത്തൻപിള്ളിക്കാവ് റോഡിൽ ഡ്രെയിൻ നിർമ്മാണം നിർമ്മാണം | 0 | 873000 |
| | | 75000 | ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 75000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | നെൽകൃഷി-കൂലി ചെലവ് സബ്സിഡി | 0 | 200000 |
| | | 100000 | സാന്ത്വന പരിചരണ പരിപാടി | 100000 | 0 |
| | | 267360 | ലൈഫ് ജനറൽ ഭവനം എസ്.സി-സ്പിൽ ഓവർ | ० | 267360 |
| | | 200000 | ശാരീരിക മാനസിക വെല്ലുകള നേരിുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | ० |
| | | 200000 | അനുപൂരക പോഷകാഹാരം | 200000 | 0 |
| | | 1275000 | പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി-ജനറൽ | 0 | |
| | | 532734 | പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി-ജനറൽ | 0 | 532734 |
| | | 595230 | അന്തിക്കാട് പഞ്ചായത്ത് ആൽ കാദർ സെന്റർ റോഡ് റീടാറിങ്ങ് | 595227 | 3 |
| | | 900000 | അന്തിക്കാട് പഞ്ചായത്ത് കാദർ സെന്റർ ചൂരക്കോട് അമ്പലം റോഡ് റീടാറിങ്ങ് | 899143 | |
| | | 900000 | അന്തിക്കാട് പഞ്ചായത്ത് ആശുപത്രി റോഡ് റീ ടാറിങ്ങ് | 0 | 900000 |
| | | 200000 | അംഗനവാടി മെയിന്റനൻസ് | 0 | 200000 |
| | | 500000 | അന്തിക്കാട് പഞ്ചായത്ത് ഹോമിയോ ആശുപത്രി നവീകരണം | 0 | 500000 |

| | | | | |
|---|---|---|---|---|
| | 500000 | അന്തിക്കാട് പഞ്ചായത്ത് അക്കായ് കോളനി നവീകരണം-വാർഡ് 8 | 0 | 500000 |
| | 400000 | അന്തിക്കാട് പഞ്ചായത്ത് ആൽ കോൾ റോഡ് റീ-ടാറിങ്ങ് | 0 | 400000 |
| | 2000000 | ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് | 0 | 2000000 |
| | 200000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്നവർക്ക് സബ്സിഡി | 200000 | 0 |
| | 150000 | വയോജനങ്ങൾക്ക് കട്ടിൽ-എസ്.സി | 0 | 150000 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ പത്രിക പ്രകാരം ലഭിച്ച തുക വാർഷിക കണക്കിലെ RP 7 ഷെഡ്യൂളുമായും നീക്കിയിരുപ്പുതുക B4 ഷെഡ്യൂളുമായും പൊരുത്തപ്പെടുന്നില്ല. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻ വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയിട്ടില്ല. ബാലൻസ് ഷീറ്റ് പത്രിക B18 പ്രകാരം 110150 രൂപ നീക്കിയിരുപ്പുണ്ട്. [സ്ട്രീറ്റ്ലൈൻ ഇലക്ട്രിഫിക്കേഷന് കെ.എസ് ഇ.ബി പെരിങ്ങോട്ടുകരയ്ക്ക് കൈമാറിയതിൽ ബാക്കിനിൽക്കുന്ന തുക]. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാവുന്നില്ലെങ്കിൽ പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC-HUDCO LOAN | | | 9346714 | 1120000 | 735295 | | 9731419 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കറ്റ് നം. 079 തിയ്യതി:05-07-2001, തൃശ്ശൂർ കോഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, വിരുപ്പാക്ക, തൃശ്ശൂർ | 5,000 |
| ആകെ | 5,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000, 2000-2001, 2001-2002 | 14 | 2004-05 | | റോഡ് മണ്ണിട്ട് ഉയർത്തലിന് ഉയർന്ന നിരക്ക് നൽകി - അധിക ചിലവ് അംഗീകരിക്കുന്നില്ല-അഞ്ച് മരാമത്ത് പ്രവർത്തികളിൽ നിന്നായി 37699 രൂപ അധികം നൽകി | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |
| 2006-2007 | 5.6.5 | 2010-11 | 3-6 | മൊബൈലൈസേഷൻ അഡ്വാൻസ് നൽകി പണി പൂർത്തിയാക്കിയിട്ടില്ല. രൂപ തിരിച്ചു പിടിക്കേണ്ടതാണ് | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |
| 2014-2015 | 2(3) | 2016-17 | | വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതു സംബന്ധിച്ച് | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |
| 2015-16 | 2(1) | 2016-17 | | ഒന്നിലധികം ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. | വിശദീകരണ പത്രിക കേരള സംസ്ഥാന ഓഡിറ്റ് കാര്യാലയത്തിലും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിലും |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54068513.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48816243.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 793072 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 200000 | ശ്രീ. റെനീഷ് .എ.എച്ച്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-13 | 593072 | ശ്രീമതി .ബീന ടി.വി ,ഹെഡ്മിസ്ട്രസ്സ് ,ജി.എൽ.പി.എസ് അന്തിക്കാട് |
| | 793072 | |

(സി)കേന്ദ്ര -സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-15 | 200000 | ശ്രീ. റെനീഷ് .എ.എച്ച്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അണ്ടേഴത്ത് വീട്,വടക്കുംമുറി,പി.ഒ,പെരിങ്ങോട്ടുകര,തൃശ്ശൂർ |
| 1-13 | 593072 | ശ്രീമതി .ബീന ടി.വി ,ഹെഡ്മിസ്ട്രസ്സ് ,ജി.എൽ.പി.എസ് അന്തിക്കാട് | പുലിക്കോട്ടിൽ വീട് ,കാഞ്ഞാണി പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 71-72 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 72-73 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6(ബി) |
| 80-81 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6,7,16 (എ)) |
| 81-82 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 3 -12,19,20 20-(2) ,3,24,27,28, |
| 82-83 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 18,19,20,21 |
| 83-84 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 16 |

| | | |
|---|---|---|
| 85-86 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15,21,22,23(1),23(2), 25 (1) 26,32 (A),32(d) |
| 86-87,87-88 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 14 |
| 88-89,89-90 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 6 (എ, സി) |
| 90-91 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15 |
| 91-92 | എൽ എഫ് ടി എസ് 2-936/11 തിയ്യതി 24-10-11/03-12-11 (ഓഡിറ്റ് അദാലത്ത്) | 15,17 |
| 92-93,93-94 | എൽ.എഫ്.ടി 13-74/96 തിയ്യതി 25-03-97 | |
| 96-97 | എൽ.എഫ്.ടി 13-74/98 തിയ്യതി 09-06-98 | |
| 97-98 | എൽ.എഫ്.ടി 13-1915/06 തിയ്യതി 09-08-06 | |
| 98-99 | എൽ.എഫ്.ടി 13-1916/06 തിയ്യതി 09-08-06 | |
| 99-2000 | എൽ.എഫ്.ടി13-1917/06 തിയ്യതി 09-08-06 | |
| 2000-01 | എൽ.എഫ്.ടി 13-2186/06 തിയ്യതി 30.06.07 | |
| 99-2000 മുതൽ 2001-02 (പ്ലാൻ) | എൽ.എഫ്.ടി 13-1078/03 തിയ്യതി 06.02.04/22.05.07 | |
| 2002-2003 | എൽ.എഫ്.ടി13-2188/06 തീ.08.02.07/06.10.2000 | |
| 2003-2004 | എൽ.എഫ്.ടി -1878/08 തീ.09.12.09 | |
| 2004-2005 | എൽ.എഫ്.ടി 11-1877/08 തീ.09.12.09 | |
| 2005-2006 | എൽ.എഫ്.ടി 11-868/09 തീ.13.08.10 | |
| 2006-2007 | എൽ.എഫ്.ടി 11-869/09 തീ.13.08.10 /04.03.11 | |
| 2007-2008 | എൽ.എഫ്.ടി പി 8-317/11 തീ.29.09.11 /04.01.12 | |
| 2008-2009 | എൽ.എഫ്.ടി പി 8-317 (എ) 11 തീ.10.10.11/ 04.01.12 | |
| 2009-2010 | എൽ.എഫ്.ടി പി 2-693/12 തീ.27/09/12 | |
| 2010-2011 | എൽ.എഫ്.ടി പി 2-694/12 തിയ്യതി 27/09/12 /02.03.13 | |
| 2011-2012 | എൽ.എഫ്.ടി പി 2-701/13 തീ.31.07.13 /05.10.13 | |
| 2012-2013 | എൽ.എഫ്.ടി പി 2 -2172/2013 തീ.11.02.14/05.05.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ പി2-1687/15 തീ.23-12-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി2-1038/16 തീ.28-06-2016 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി2-2204/2016 തീ.11-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.2)1574/2017 തീ.14.11.2017 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.2) 355/2019 തീ.17.05.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി.2) 195/2020 | |

| | | | |
|---|---|---|---|
| | തീ.12.03.2020 | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്